പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 193 — 26/03/13 ൽ മറുപടിക്ക്

**സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കലൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. ഡൊമിനിക് പ്രസൻേറഷൻ<br>ശ്രീ. സി.പി.മുഹമ്മദ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി) |
| എ) കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (എ) Government to Citizen (G2C), Citizen to Government (C2G), Government to Buisiness (G2B), Government to Government (G2G), സർവ്വീസുകളും സേവനങ്ങളും ഡിജിറ്റലായും ഇലക്ട്രോണിക്കലായും കൈകാര്യം ചെയ്യുവാൻ പ്രാപ്തമാക്കുക എന്നതാണ് സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്ട് പദ്ധതി ആരംഭിച്ചിട്ടുള്ളത്. 2013 മാർച്ച് 31ന് മുൻപായി സംസ്ഥാനമാകെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്. എല്ലാ സർക്കാർ വകുപ്പുകളും ഡിജിറ്റൽ ഡേറ്റാബേസ് ഉണ്ടാക്കുക, ഇതിനെ ആധാർ നമ്പറുമായി ബന്ധിപ്പിക്കുക, സർക്കാരിൽ നിന്ന് പൗരന് നൽകുന്ന എല്ലാ പേയ് മെൻറുകളും ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ടുകളിലൂടെ ആക്കുക, പഞ്ചായത്ത് തലം വരെ KSWAN കണക്ഷൻ നൽകുക, സർക്കാരിലേക്കുള്ള പണമിടപാടുകൾ ഇ- പേയ് മെൻറ് ഗേറ്റ് വേ വഴി നടത്തുക എന്നീ പദ്ധതികൾ സമ്പൂർണ്ണ ഡിജിറ്റൽ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.<br>• സർക്കാരിൽ നിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈനാക്കുകയും ഒരു ഏകജാലക സംവിധാനം വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക<br>• പൊതു ജനങ്ങൾക്ക് ബന്ധപ്പെട്ട ഓഫീസുകളിൽ പോകാതെ അക്ഷയ കേന്ദ്രങ്ങൾ വഴി വിവിധ സർട്ടിഫിക്കറ്റുകൾ വളരെ വേഗത്തിൽ ലഭ്യമാക്കുക |

- സർക്കാർ നടപടികൾ സുതാര്യവും കാര്യക്ഷമവും ആക്കുക
- അഴിമതി ഇല്ലാതാക്കുക
- സർക്കാരിന്റേയും പൗരൻമാരുടേയും ചിലവ് കുറയ്ക്കുക
- സർക്കാർ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് എത്തുന്നു എന്ന് ഉറപ്പു വരുത്തുക
- അർഹത ഇല്ലാത്തവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കി ഖജനാവ് ചോർച്ച തടയുക.
- ഇട നിലക്കാരെ ഒഴിവാക്കുക

| | | | |
|---|---|---|---|
| (സി) | ആരുടെ നേതൃത്വത്തിലാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത് ; | (സി) & (ഡി) | ഇ-ഡിസ്ട്രിക്റ്റ് പദ്ധതി കേരള സ്റ്റേറ്റ് ഐ ടി മിഷൻെറ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്. നാഷണൽ ഇൻഫോർമാറ്റിക്സ് സെൻററിൻെറ സാങ്കേതിക സഹായവും ലഭിക്കുന്നുണ്ട്. സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമെന്ന പദ്ധതിയുടെ അന്തിമ രൂപ രേഖ ആയിട്ടില്ല. |
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | | |

സെക്ഷൻ ഓഫീസർ